**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2095** **30-09-2025 - ൽ മറുപടിയ്ക്ക്**

**ജലപാതയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ ജലപാതകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വീട് നഷ്ടപ്പെട്ട എത്ര പേർക്ക് വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നത് വിശദമാക്കാമോ; | (എ) | വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി കോവളം മുതൽ വർക്കല വരെ കനാൽ പുറമ്പോക്കിൽ നിന്നും കുടിയൊഴിപ്പിക്കുന്നവരെ കിഫ്ബി ധനസഹായത്തോടെ പുനരധിവസിപ്പിക്കുന്നതിനായി ' വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് ' എന്ന പുനരധിവാസ പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജിന് അർഹരായി വർക്കല ഭാഗത്ത് കണ്ടെത്തിയ 385 കുടുംബങ്ങളിൽ 357 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായിട്ടുണ്ട്. ബാക്കി കുടുംബങ്ങളുടെ പുനരധിവാസം സംബന്ധിച്ച് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><br>വർക്കല ഭാഗത്ത് ' പുനർഗേഹം' മോഡൽ പുനരധിവാസ പദ്ധതി പ്രകാരം അംഗീകാരം നൽകിയ 76 കുടുംബങ്ങളുടെ ലിസ്റ്റിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയുടെ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ള 9 കുടുംബങ്ങൾ, അർഹതാലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ള 1 കുടുംബം എന്നിവർ ഒഴിച്ച് ശേഷിക്കുന്ന 66 കുടുംബങ്ങളിൽ 30 പേർക്ക് ആനുകൂല്യം ഫിഷറീസ് വകുപ്പ് പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുണ്ടായിരുന്ന 36 കുടുംബങ്ങളും, അധികമായി പുനരധിവസിപ്പിക്കേണ്ടതുണ്ടെന്ന് പിന്നീട് കണ്ടെത്തിയ 3 കുടുംബങ്ങളും ചേർത്ത് 39 കുടുംബങ്ങളിൽ 37 കുടുംബങ്ങൾക്ക് പുനരധിവാസ തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 2 കുടുംബങ്ങളിൽ ഒരാൾക്ക് ആനുകൂല്യത്തിന് അർഹതയില്ലെന്ന് കണ്ടെത്തിയിട്ടുള്ളതും മറ്റൊരാൾ മരണപ്പെട്ടതിനാൽ ആനുകൂല്യം ഭാര്യയ്ക്ക് നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്.<br><br>കഠിനംകുളം ഭാഗത്ത് പാക്കേജ് പ്രകാരം പുനരധിവസിപ്പിക്കേണ്ട 194 കുടുംബങ്ങളിൽ 178 |

| | | | |
|---|---|---|---|
| | | | കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായി വരുന്നു.<br><br>തിരുവനന്തപുരം ഭാഗത്ത് 937 പ്ലോട്ടുകളിലായി 967 – ഓളം കുടുംബങ്ങളെ പുനരധവസിപ്പിക്കേണ്ടതുണ്ട്. ഇതിൽ 473 പ്ലോട്ടുകൾക്ക് പട്ടയം ഉള്ളതായി കണ്ടെത്തിയിട്ടുള്ളതും പ്രസ്തുത ഭൂമി ലാൻഡ് അക്വിസിഷൻ നടപടിയിലൂടെ ഏറ്റെടുക്കുന്ന നടപടി പുരോഗമിച്ചു വരികയുമാണ്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ കനാൽ പുറമ്പോക്കിലുള്ള 494 കുടുംബങ്ങളിൽ 416 കുടുംബങ്ങൾ പാക്കേജ് സ്വീകരിക്കാൻ തയ്യാറായിട്ടുണ്ട്. ഇതിൽ 349 കുടുംബങ്ങളുടെ ലിസ്റ്റിന് അംഗീകാരം നൽകി തുക കൈമാറി വരുന്നതുമാണ്.<br><br>നാളിതുവരെ 759 കുടുംബങ്ങൾക്ക് പാക്കേജ് തുക കൈമാറിയിട്ടുണ്ട്. ബാക്കി കുടുംബങ്ങളുടെ തുക കൈമാറി വരുന്നു. |
| (ബി) | ആയതിൽ വർക്കല മണ്ഡലത്തിൽ എത്ര പേർ ഉൾപ്പെടുന്നു എന്ന് വിശദമാക്കാമോ; | (ബി) | ' വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് ' പ്രകാരം വർക്കല ഭാഗത്ത് 385 കുടുംബങ്ങളിൽ 357 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായിട്ടുണ്ട്. ബാക്കി കുടുംബങ്ങളുടെ പുനരധിവാസം പുരോഗമിച്ചു വരുന്നു.<br><br>വർക്കല ഭാഗത്ത് ' പുനർഗേഹം' മോഡൽ പുനരധിവാസ പദ്ധതി പ്രകാരം അംഗീകാരം നൽകിയ 76 കുടുംബങ്ങളുടെ ലിസ്റ്റിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയുടെ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ള 9 കുടുംബങ്ങൾ, അർഹതാലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ള 1 കുടുംബം എന്നിവർ ഒഴിച്ച് ശേഷിക്കുന്ന 66 കുടുംബങ്ങളിൽ 30 പേർക്ക് ആനുകൂല്യം ഫിഷറീസ് വകുപ്പ് പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുണ്ടായിരുന്ന 36 കുടുംബങ്ങളും, അധികമായി പുനരധിവസിപ്പിക്കേണ്ടതുണ്ട് എന്ന് കണ്ടെത്തിയ 3 കുടുംബങ്ങളും ചേർത്ത് 39 കുടുംബങ്ങളിൽ 37 കുടുംബങ്ങൾക്ക് പുനരധിവാസ തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 2 കുടുംബങ്ങളിൽ ഒരാൾക്ക് ആനുകൂല്യത്തിന് അർഹതയില്ലെന്ന് കണ്ടെത്തിയിട്ടുള്ളതും മറ്റൊരാൾ മരണപ്പെട്ടതിനാൽ ആനുകൂല്യം ഭാര്യയ്ക്ക് നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്. |
| (സി) | വർക്കല മണ്ഡലത്തിൽ എത്ര പേർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുവാനുണ്ടെന്ന് വിശദമാക്കാമോ? | (സി) | കൃത്യമായ രേഖകൾ ലഭ്യമല്ലാത്ത കുടുംബങ്ങളുടെ പുനപരിശോധന പൂർത്തീകരിക്കുന്ന മുറയ്ക്കും കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന അപേക്ഷകളിൽ തീരുമാനം ആകുന്ന മുറയ്ക്കും മാത്രമേ ആനുകൂല്യം |

| | | | |
|---|---|---|---|
| | | | ലഭ്യമാകാനുള്ളവരുടെ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളു. |

സെക്ഷൻ ഓഫീസർ